## ഉന്നതവിദ്യാഭ്യാസ മേഖലയെ ബാധിച്ച നിലവാരത്തകർച്ച

2 (*120) ശ്രീ. സാജു പോൾ:
ശ്രീ. എം. എ. ബേബി:
ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയെ ബാധിച്ച നിലവാരത്തകർച്ചയ്ക്ക് പരിഹാരം കാണുന്നതിന് മുൻസർക്കാർ സ്വീകരിച്ച നടപടികളുമായി മുന്നോട്ടു പോകുവാൻ തയ്യാറാകുമോ;

(ബി) ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിന് സമഗ്രമായ പരിഷ്ക്കരണം ഏതെല്ലാം മേഖലകളിൽ ആവശ്യമാണെന്ന് കരുതുന്നു;

(സി) വിദ്യാർത്ഥി പ്രവേശനം, പാഠ്യപദ്ധതി രൂപീകരണം, അദ്ധ്യയന പ്രക്രിയ, മൂല്യനിർണ്ണയം തുടങ്ങിയ കാര്യങ്ങളിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നയം വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ,

(എ) ഉന്നതവിദ്യാഭ്യാസ മേഖലയെ പൊതുവെ ബാധിച്ചിട്ടുള്ള നിലവാരത്തകർച്ചയ്ക്ക് പരിഹാരം കാണുന്നതിന് കാലാകാലങ്ങളിൽ വിവിധ സർക്കാരുകൾ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. മുൻസർക്കാർ സ്വീകരിച്ചിട്ടുള്ള ചില നടപടികളും പരിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതിനായി സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ പ്രത്യേകം ഉപസമിതികളെ നിയോഗിക്കുകയും ഈ സമിതികൾ ഇതിനകം സമർപ്പിച്ച ചില റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലുമാണ്.

(ബി) ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിന് താഴെപ്പറയുന്ന മേഖലകളിൽ എല്ലാ വിദ്യാഭ്യാസ തലങ്ങളിലും സമഗ്രമായ പരിഷ്ക്കരണം ആവശ്യമുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(a) അടിസ്ഥാന സൗകര്യം

(b) ഗവേഷണം

(c) അദ്ധ്യാപനം

(d) വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം

(e) സ്വയംഭരണ കോളേജുകൾ

(f) സർവ്വകലാശാലകളുടെ നടത്തിപ്പ്

(g) അഫിലിയേഷൻ സമ്പ്രദായം

(h) അദ്ധ്യാപകേതര ജീവനക്കാരുടെ തൊഴിൽ സാഹചര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

(i) അക്കാദമിക് സ്വാതന്ത്ര്യം

(j) സർക്കാരും മാനേജ്മെന്റും തമ്മിലുള്ള ബന്ധം.

(k) അസസ്മെന്റ്-അക്രെഡിറ്റേഷൻ സംവിധാനം

(l) സാങ്കേതികവിദ്യകളുടെ ഉപയോഗം.

(സി) വിദ്യാർത്ഥി പ്രവേശനം, പാഠ്യപദ്ധതി രൂപീകരണം, അദ്ധ്യയന പ്രക്രിയ, മൂല്യനിർണ്ണയം തുടങ്ങിയ കാര്യങ്ങൾ കോഴ്സുകൾക്കും സ്ഥാപനങ്ങൾക്കുമനുസരിച്ച് വ്യത്യാസപ്പെടുന്നതാണ്. ഇവയിൽ കാലത്തിന് അനുയോജ്യമായ ഗുണനിലവാരം ഉയർത്തുന്ന സമഗ്രമായ പരിഷ്ക്കരണം ആവശ്യമാണെന്ന് കരുതുന്നു. ഇക്കാര്യത്തിൽ സർവ്വകലാശാലകളുടെ സിൻഡിക്കേറ്റ്/അക്കാഡമിക് കൗൺസിൽ എന്നിവയുടെ തീരുമാനങ്ങളും നടപ്പിലാക്കിവരുന്നുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, വിദ്യാഭ്യാസരംഗത്ത് കേരളം അഭിമാനകരമായി മുന്നേറുമ്പോഴും ബിരുദം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം വളരെ പിന്നിലാണ്. ഇക്കാര്യത്തിൽ പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾ ദേശീയ ശരാശരിയെക്കാൾ എത്രയോ പിന്നിലാണെന്ന വാർത്ത ഞെട്ടിപ്പിക്കുന്നതും ഗൗരവവുമായ ചർച്ചകൾക്ക് വഴിതെളിയിക്കേണ്ടതുമാണ്. ഇതിന് പരിഹാരമായി കേന്ദ്രഗവൺമെന്റിന്റെ 'മാതൃകാ ബിരുദ കോളേജ് പദ്ധതി' എന്തുകൊണ്ട് ഫലപ്രദമായി നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്നില്ല?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഞാൻ പറഞ്ഞതാണ്. യു.ജി.സി.-യും കേന്ദ്രഗവൺമെന്റും നിർദ്ദേശിച്ചത് മൊത്തം വരുന്ന തുകയുടെ മൂന്നിലൊന്ന് ശതമാനം മാത്രമാണ്. യു.ജിസി-ക്കും കേന്ദ്രഗവൺമെന്റിനുംകൂടി പങ്കാളിത്തമുള്ള ഒരു ഉപദേശക സമിതിയാണ് ഈ കോളേജുകളുടെ നിയന്ത്രണം വഹിക്കേണ്ടത്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ അത്തരം കോളേജുകൾ തുടങ്ങുന്നതിൽ അർത്ഥമില്ലെന്ന കാരണത്താലാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിദ്യാഭ്യാസവകുപ്പ് അതിനുവേണ്ടി പണം ആവശ്യപ്പെടുകയും ധനകാര്യവകുപ്പ് അത് നിരസിക്കുകയും ചെയ്തത്. പുതിയ പഞ്ചവത്സര പദ്ധതിയിൽ കൂടുതൽ കേന്ദ്രസഹായം ലഭിക്കുമെന്നുള്ള ഒരു വാർത്ത ഇപ്പോൾ വന്നിട്ടുണ്ട്. അങ്ങനെയാണെങ്കിൽ തീർച്ചയായും ഈ പദ്ധതി രണ്ടാമത് പുനർജ്ജീവിപ്പിക്കാൻ ശ്രമിക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, കൃത്യമായ പഠനത്തിന്റെയും സർവ്വേയുടെയും അടിസ്ഥാനത്തിലാണ് നമ്മുടെ സംസ്ഥാനത്തെ നാല് ജില്ലകൾ ദേശീയ ശരാശരിയെക്കാൾ പിന്നിലാണെന്ന് അറിയുന്നത്. ബംഗാളും, ബീഹാറും, യു.പി-യും, ജാർഖണ്ഡുമൊക്കെയുള്ള ഇന്ത്യാ മഹാരാജ്യത്താണ് നമ്മുടെ സംസ്ഥാനത്തെ നാല് ജില്ലകൾക്ക് ഈ ദുരവസ്ഥ വന്നിരിക്കുന്നത്. കേന്ദ്രത്തിന്റെ പദ്ധതി നടപ്പാക്കാൻ പ്രയാസമുണ്ടെങ്കിൽ ഈ നാല്

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളുടെ ഉന്നതവിദ്യാഭ്യാസത്തിന് പുതിയ പദ്ധതികൾ സംസ്ഥാന സർക്കാരിന് നേരിട്ട് പ്രഖ്യാപിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുകൂടെ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഇത് പൊതുവേ വന്നിട്ടുള്ള ആവശ്യമാണ്. പുതിയ കോളേജുകൾ വേണമെന്നുള്ള ആവശ്യം സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുണ്ട്. അതിന് സംസ്ഥാന ഗവൺമെന്റുതന്നെ നയപരമായ തീരുമാനമെടുത്ത് പരിശോധിച്ച് നടപ്പിലാക്കേണ്ടതാണ്.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, പതിനഞ്ചും ഇരുപതും ഏജ് ഗ്രൂപ്പിൽപ്പെടുന്ന ഉന്നതവിദ്യാഭ്യാസം നേടുന്നവരുടെ കണക്ക് ജില്ലാ അടിസ്ഥാനത്തിൽ ശേഖരിച്ചിട്ടുണ്ടോ; ഈ കണക്കുപ്രകാരം വിദ്യാഭ്യാസപരവും സാമൂഹ്യപരവുമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ കണ്ടെത്തി വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സർക്കാർ പദ്ധതികൾ ആവിഷ്ക്കരിക്കുമോ; ഈ കോളേജ് സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, കേന്ദ്രഗവൺമെന്റ് നടത്തിയിട്ടുള്ള ഗ്രോസ് എൻറോൾമെന്റ് റേഷ്യോയിൽ ഏകദേശം 474-ഓളം ജില്ലകൾ നമ്മുടെ രാജ്യത്തുണ്ട്. അതിൽപ്പെടുന്ന നാല് ജില്ലകളെക്കുറിച്ചാണ് ഞാൻ നേരത്തെ പറഞ്ഞത്. അല്ലാതെ സംസ്ഥാനഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ട ഒരു സർവ്വേ നടത്തിയിട്ടില്ല.

ശ്രീ. കെ. എം. ഷാജി: സർ, കേരളത്തിൽ പത്തുപതിനഞ്ച് വർഷമായി ഉന്നതവിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട് നടക്കുന്ന ചർച്ചകളിൽ പ്രധാനമായി വരുന്നത് ക്വാളിറ്റിക്കുപരി ക്യാപ്പിറ്റലുമായി ബന്ധപ്പെട്ട വിഷയമാണ്. ഇൻഫ്രാസ്ട്രക്ച്ചറൽ സൗകര്യം ഉയർത്തുന്നതോടൊപ്പം അന്താരാഷ്ട്ര നിലവാരത്തിലുള്ള പാഠ്യപദ്ധതികൾകൂടെ ഉൾപ്പെടുത്തി ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലവാരം വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ പദ്ധതിയുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, തീർച്ചയായും കാലഘട്ടത്തിനനുസൃതമായ കോഴ്സുകളും പാഠ്യപദ്ധതിയുമൊക്കെ നമുക്കാവശ്യമാണ്. ഇന്നത്തെ നമ്മുടെ അവസ്ഥയിൽ സർവ്വകലാശാലകളാണ് അതിന് മുൻകയ്യെടുക്കേണ്ടത്. അതിന് ആവശ്യമായ ഒരു തീരുമാനം നൽകാൻ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിന് ചില പദ്ധതികൾ ഗവൺമെന്റ് ആസൂത്രണം ചെയ്യുന്നതാണ്.

ഡോ. കെ. ടി. ജലീൽ : സർ, ഉന്നതവിദ്യാഭ്യാസം എന്നുള്ളതുകൊണ്ട് പൊതുവായി അർത്ഥമാക്കുന്നത് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ വളർച്ചയും അതിന്റെ വികാസവും മാത്രമാണ്. സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ് നമ്മുടെ ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നില മെച്ചപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തുന്നതിനുവേണ്ടി ഒരുപാട് പദ്ധതികൾ ആവിഷ്ക്കരിക്കുന്നു, അവയെ സംബന്ധിച്ച് പഠനം നടക്കുന്നു, ഗുണനിലവാരമില്ലാത്ത കോളേജുകളുടെ ലിസ്റ്റ് എടുക്കുന്നു. പക്ഷേ, സെൽഫ് ഫിനാൻസിംഗ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ വേണ്ടത്ര ഭൗതിക സൗകര്യങ്ങളില്ലാതെ പ്രവർത്തിക്കുകയാണ്. ഇവയുടെ ഗുണനിലവാരത്തെ സംബന്ധിച്ചും റിസൾട്ടിന്റെ ശതമാനത്തെ സംബന്ധിച്ചും എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഇതിനെക്കുറിച്ച് പഠനങ്ങൾ നടത്തിയതായി എനിക്ക് അറിവില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ നിർദ്ദേശമനുസരിച്ച് 'നാക്' പോലെ സംസ്ഥാന അടിസ്ഥാനത്തിൽ സ്റ്റേറ്റ് അക്രെഡിറ്റേഷൻ കൗൺസിൽ ഉണ്ടാക്കുന്നുണ്ട്. അവർ ഈ കോളേജുകളുടെ ഗുണനിലവാരം പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, സ്വകാര്യ എഞ്ചിനീയറിംഗ് മെഡിക്കൽ നഴ്സിംഗ് കോളേജുകളിലെ വിജയശതമാനം 25 ശതമാനത്തിൽ താഴെയാണെന്ന് ഹൈക്കോടതിതന്നെ കണ്ടെത്തിയിരിക്കുകയാണ്. സ്വകാര്യ മെഡിക്കൽ കോളേജ്, നഴ്സിംഗ് കോളേജ്, എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിലെ പഠനനിലവാരം മെച്ചപ്പെടുത്താൻ ഈ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ക്രിയാത്മകമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉന്നതന്മാർ മാത്രം മതിയെന്ന ധാരണയുടെ അടിസ്ഥാനത്തിൽ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന എസ്.സി./ .എസ്.റ്റി വിഭാഗത്തിലെ മാനേജ്മെന്റ് സീറ്റിൽ കയറുന്ന കുട്ടികൾക്ക് ഇനിമുതൽ ഫീസ് കൊടുക്കേണ്ടതില്ല എന്ന തീരുമാനം എടുത്തിട്ടുണ്ടോ; ഉന്നതവിദ്യാഭ്യാസ രംഗത്തുനിന്നും പിന്നോക്ക ജനവിഭാഗങ്ങളെ ആട്ടിഓടിക്കുന്ന സമീപനമാണോ സ്വീകരിക്കുന്നത്; ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, പിന്നോക്ക വിഭാഗങ്ങളെ ദ്രോഹിക്കുന്ന, അവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു തീരുമാനവും ഒരു മേഖലയിലും ഗവൺമെന്റ് കൈക്കൊള്ളുന്നില്ല. അതേയവസരത്തിൽ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ചയുമായി ബന്ധപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ ഉണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഒരു നിശ്ചിത ശതമാനം പാസ് പെർസന്റേജ് ഉണ്ടെങ്കിലേ പുതിയ കോഴ്സുകളും ഇൻടേക്കുകളും അനുവദിക്കുകയുള്ളൂ എന്നുവന്നത്. അതോടൊപ്പം ഒന്നും രണ്ടും വർഷത്തെ റിസൾട്ടുകളിൽ 25 ശതമാനത്തിൽ കുറവുള്ള കോളേജുകൾക്ക് ഈ വർഷം അഡ്മിഷൻ നൽകാനുള്ള അനുമതി കോടുക്കേണ്ടതില്ല എന്നാണ് ഗവൺമെന്റ് തീരുമാനിച്ചത്.

ശ്രീ. സി. ദിവാകരൻ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം എത്ര അൺ-എയ്ഡഡ് സ്കൂളുകൾ എയ്ഡഡ് സ്കൂളാക്കി; എത്ര അൺ-എയ്ഡഡ് സ്കൂളിലെ ടീച്ചേഴ്സിന് ശമ്പളം കൊടുത്തുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

Page 5 of 13

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : സർ, ഇതിന് പ്രത്യേകമായ ചോദ്യംവേണം. ഇതിലുള്ള ചോദ്യവുമായി ബന്ധമുള്ളതല്ല.

<u>ശ്രീ. സി. എഫ്. തോമസ്</u> : സർ, ഉന്നതവിദ്യാഭ്യാസരംഗത്ത് മികച്ച നിലവാരം പുലർത്തുന്ന കോളേജുകൾക്ക് ആട്ടോണമി എന്നുള്ള ആശയം ഗവൺമെന്റ് സ്വീകരിക്കുമോ; അതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : സർ, അത് നമ്മുടെ പുതിയ കാലഘട്ടത്തിൽ ആവശ്യമാണ്. നല്ല കോളേജുകൾക്ക് ആട്ടോണമി കൊടുക്കണം. അവരെ സെന്റർ ഓഫ് എക്സലൻസ് ആക്കണമെന്ന കാര്യങ്ങളെല്ലാം സർക്കാരിന്റെ പരിഗണനയിലാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ എൻ. ഷംസുദ്ദീൻ ഇവിടെ ചോദിച്ച ചോദ്യം വളരെ പ്രസക്തമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്നുപ്രാവശ്യം ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെക്കണ്ട് ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതാണ്. കേന്ദ്രഗവൺമെന്റ് 2010-ൽ പാസ്സാക്കി കാശ് നമുക്ക് തന്നതാണ്. പദ്ധതി നടപ്പാക്കുന്നതിന് മൂന്നിൽരണ്ട് വിഹിതം കേന്ദ്രഗവൺമെന്റ് നൽകിയതാണ് മൂന്നിലൊന്ന് വിഹിതം സംസ്ഥാന ഗവൺമെന്റ് കണ്ടെത്തണം. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിലായിരുന്നു ഇത് പാസ്സായത്. അന്നത്തെ ധനകാര്യ വകുപ്പോ വിദ്യാഭ്യാസ വകുപ്പോ ഒന്നും ഇതിനെ എതിർത്തില്ല. അന്നത്തെ എന്റെ മണ്ഡലമായ കുഴൽമന്ദത്ത് ഐ.എച്ച്.ആർ.ഡി കോളേജിനോടനുബന്ധിച്ചാണ് ഈ മാതൃകാ ബിരുദ കോളേജ് നടപ്പാക്കാൻ തീരുമാനിച്ചത്. വയനാട്, മലപ്പുറം, പാലക്കാട്, കാസർകോഡ് എന്നീ ജില്ലകളിൽ ഇത്തരം കോളേജുകളുണ്ട്. കേന്ദ്രഗവൺമെന്റ് നൽകിയ ഫണ്ടിനോടനുബന്ധമായി കുറച്ചുകാശുകൂടി കൂട്ടിവച്ച് ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്താണ് തടസ്സം?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഞാൻ നേരത്തെ പറഞ്ഞ കാര്യത്തിൽ ഉറച്ചുനിൽക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എം.എ. ബേബി അയച്ചതും ധനകാര്യ വകുപ്പ് നിരസിച്ചതുമായ ഫയൽ എന്റെ കയ്യിലുണ്ട്. വേണമെങ്കിൽ അത് മേശപ്പുറത്തുവയ്ക്കാം. അതുകൊണ്ടുതന്നെയാണ് നേരിട്ട് കോളേജ് തുടങ്ങുന്നതിനുപകരം ഐ.എച്ച്.ആർ.ഡി, എൽ.ബി.എസ് തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന കോളേജുകളെ ഇതിലേയ്ക്ക് മാറ്റാൻ കഴിയുമോ എന്ന് ചോദിച്ചത്. അതിന് യു.ജി.സി-യിൽനിന്നോ കേന്ദ്രഗവൺമെന്റിൽനിന്നോ മറുപടി ലഭിച്ചിട്ടില്ല. ഇത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചെയ്തതാണ്.

ചീഫ് വിപ്പ് <u>(ശ്രീ. പി.സി. ജോർജ്)</u>:സർ, ഏത് മാതൃകാ ബിരുദ കോഴ്സ് തുടങ്ങുമ്പോഴും നമ്മുടെ വിദ്യാഭ്യാസ പദ്ധതിയിൽ എന്തോ കുറവുണ്ട് എന്ന സത്യം നമ്മുടെ മുന്നിലുണ്ട്. അതിനു കാരണം അഖിലേന്ത്യ പരീക്ഷ

LIBRARY ARCHIVES Kerala Legislative Assembly

കളിൽ മലയാളികളായ കുട്ടികൾ വരുന്നില്ല എന്നതാണ്. മാത്രമല്ല 17-ൽ കൂടുതൽ ഐ.എ.എസ് പോസ്റ്റുകൾ വേക്കന്റാണ്. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ നിലവാരത്തിൽ മാറ്റം വരുത്തുന്നതോടൊപ്പം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്ന നിലയിൽ ചെറുപ്പക്കാരായ നൂറുപേരെ പി.എസ്.സി വഴി സെലക്ട് ചെയ്താൽ അതിന് പരിഹാരമുണ്ടാകും. ഇക്കാര്യം പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഐ.എ.എസ്. കോച്ചിംഗ് നൽകുന്നതിനുവേണ്ടി തിരുവനന്തപുരത്ത് സിവിൽ സർവ്വീസ് അക്കാദമി പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ഒരു ബ്രാഞ്ച് പൊന്നാനിയിൽ നേരത്തെ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിലെ ബ്രാഞ്ചുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. ഹംസ: സർ, ഉന്നതവിദ്യാഭ്യാസരംഗത്ത് എഞ്ചിനീയറിംഗ് കോളേജുകളുടെ പഠനനിലവാരത്തിന്റെയും റിസൾട്ടിന്റെയും കുറവിനെക്കുറിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിതന്നെ പരാമർശിച്ചിട്ടുണ്ട്. വിവാഹ മാർക്കറ്റിൽ ഡിമാന്റുള്ള ഡോക്ടർമാരും എഞ്ചിനീയർമാരും പഠിച്ചത് മെറിറ്റ് സീറ്റിലാണെന്ന് പ്രഖ്യാപിക്കേണ്ട രീതിവരുമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ പറഞ്ഞു. എഞ്ചിനീയറിംഗ് കോളേജുകളിലും മെഡിക്കൽ കോളേജുകളിലും യോഗ്യതയുള്ള അദ്ധ്യാപകരില്ല. യോഗ്യതയുള്ള അദ്ധ്യാപകരാണ് പഠിപ്പിക്കുന്നതെന്ന് ഉറപ്പുവരുത്താനും മെഡിക്കൽ കോളേജുകളുടെയും എഞ്ചിനീയറിംഗ് കോളേജുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്താനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; അർഹതയില്ലാത്ത അദ്ധ്യാപകരെ പഠിപ്പിക്കുന്നതിൽ നിന്ന് ഒഴിവാക്കാനാവശ്യമായ ഇടപെടൽ നടത്തുമോ; നമ്മുടെ ഉന്നതവിദ്യാഭ്യാസത്തെ രക്ഷിക്കാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, നമ്മുടെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോഴ്സിന്റെ സ്ഥിതി പറയുകയാണെങ്കിൽ 18000 സീറ്റാണ് കഴിഞ്ഞ വർഷം ബാലൻസ് വന്നത്. ഇതിൽ 7943 മെറിറ്റ് സീറ്റുകളാണ് വേക്കന്റായത്. ഇവിടെ പറഞ്ഞതുപോലെ ഗുണനിലവാരത്തിന്റേയും അദ്ധ്യാപനത്തിന്റേയും ഫാക്കൽറ്റിയുടേയും അഭാവമുണ്ട് എന്നത് മനസ്സിലാക്കിയതുകൊണ്ടാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം ഗവൺമെന്റ് മേഖലയിലും നല്ലനിലയിൽ പ്രവർത്തിക്കുന്ന എയ്ഡഡ് കോളേജുകളിലും സ്വാശ്രയ കോളേജുകളിലും എം.ടെക് കോഴ്സുകൾ അനുവദിച്ചത്. അതനുസരിച്ച് പി.ജി. കോഴ്സ് പാസ്സായവരെ പഠിപ്പിക്കാൻ ലഭിക്കുന്നതോടുകൂടി ഇത്തരത്തിലുള്ള വിവാദങ്ങൾ അവസാനിപ്പിക്കാൻ കഴിയും.

ശ്രീ. ഷാഫി പറമ്പിൽ: സർ, പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളും ബിരുദ കോളേജുകളും ആരംഭിക്കുന്നതിനോടൊപ്പംതന്നെ പ്രാധാന്യം നിറഞ്ഞതാണ് നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്വാളിറ്റിയും ക്വാണ്ടിറ്റിയും വർദ്ധിപ്പിക്കുക എന്നുള്ളത്. ഒരു കാര്യം പ്രധാനമായും പറയാനുള്ളത്,

LIBRARY ARCHIVES Kerala Legislative Assembly

Page 7 of 13

നമ്മുടെ കോളേജുകളിൽനിന്നും പ്രീ-ഡിഗ്രി എടുത്തുമാറ്റിയതിനുശേഷം പല സ്ഥാപനങ്ങളിലും ഇൻഫ്രാസ്ട്രക്ച്ചർ ഉപയോഗിക്കപ്പെടാതെ കിടക്കുകയാണ്. അതുപയോഗിച്ചുകൊണ്ട് കുട്ടികളുടെ സ്ട്രെങ്ത് വർദ്ധിപ്പിക്കാനും കൂടുതൽ പി.ജി. കോഴ്സുകൾ ആരംഭിക്കാനും സർക്കാരിന് പദ്ധതികളുണ്ടോ; പ്രീ-ഡിഗ്രി കോഴ്സ് പോയ സാഹചര്യത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിലുള്ള ഇൻഫ്രാസ്ട്രക്ച്ചറിനെ വേണ്ട വർക്ക് നടത്തി കൂടുതൽ കുട്ടികളെ ഉൾക്കൊള്ളാനും കൂടുതൽ കോഴ്സുകൾ തുടങ്ങാനും കഴിയുന്നതരത്തിൽ റീഡിസൈൻ ചെയ്യാൻ സർക്കാർ ശ്രമിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, കഴിഞ്ഞ പത്തുപതിനഞ്ച് വർഷമായി നമ്മുടെ സംസ്ഥാനത്തെ കോളേജുകളിലൊന്നുംതന്നെ പുതിയ കോഴ്സുകൾ അനുവദിച്ചിരുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് സംസ്ഥാനത്തെ 38 ഗവൺമെന്റ് കോളേജുകളിൽ 54-ഓളം യു.ജി-പി.ജി കോഴ്സുകൾ അനുവദിച്ചത്. നിർബാധമായി കോഴ്സുകൾ നൽകാൻ ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതി പര്യാപ്തമല്ലെങ്കിലും പരമാവധി ആവശ്യമുള്ള കോളേജുകളിൽ ഇനിയും പുതിയ കോഴ്സുകൾ അനുവദിക്കണ മെന്നുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. കെ. രാജു: സർ, ഉന്നതവിദ്യാഭ്യാസരംഗത്ത് വളരെ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതായിരിക്കും കേന്ദ്ര സ്കീമിന്റെ ഭാഗമായിട്ടുള്ള ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഒരു ക്യാമ്പസ് സ്ഥാപിക്കുക യെന്നത്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 40 ഏക്കർ സ്ഥലം വിട്ടുകൊടുത്താൽ ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാമെന്ന് പറഞ്ഞിരുന്നു. സ്ഥലം നിർദ്ദേശിക്കപ്പെട്ടിട്ടുമുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് വളരെ വലിയ നേട്ടമുണ്ടാക്കുന്ന ഈ യൂണിവേഴ്സിറ്റിയുടെ നടപടികൾ എന്തായി എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് വിശദീകരിക്കാൻ കഴിയുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിക്കുവേണ്ടി എന്തെങ്കിലും ചെയ്തതായ ഫയൽ എനിക്ക് കാണാൻ സാധിച്ചിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതിനുവേണ്ട പ്രവർത്തനങ്ങൾ ആരംഭിക്കു കയും അതിന്റെ അടിസ്ഥാനത്തിൽ മലപ്പുറത്തുള്ള കെ.എസ്.ഐ.ഡി.സി-യുടെ, ഇൻകെല്ലിന്റെ കൈവശമുള്ള 75 ഏക്കർ സ്ഥലം ഇതിനുവേണ്ടി ഇൻഡസ്ട്രീസ് വകുപ്പ് വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുമുണ്ട്. താമസിയാതെ ക്യാബിനറ്റിൽ വച്ചതിനുശേഷം EFLU-ന്റെ വൈസ് ചാൻസിലർക്ക് കൈമാറുകയും നിർമ്മാണപ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുകയും ചെയ്യുന്നതാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കേന്ദ്രസർക്കാർ അനുവദിച്ച മാതൃകാ ബിരുദ കോളേജുകൾ എന്ന ആശയം വളരെ നല്ലതാണെങ്കിലും കേരളത്തിൽ അതിന്റെ വിഹിതം വളരെ പരിമിതമായതുകൊണ്ട് അത്



LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കാനുള്ള പ്രയാസമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചത്. എല്ലാ കേന്ദ്ര പദ്ധതികളും ആവിഷ്കരിക്കുമ്പോൾ സ്വാഭാവികമായി ഇങ്ങനെതന്നെയാണ് ഉണ്ടാകാറുള്ളത്. പക്ഷേ സംസ്ഥാനം അതിനനുസൃതമായി എപ്പോഴും ഇടപെടാറുണ്ട്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽത്തന്നെ കോളേജുകളും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമില്ലാത്ത സ്ഥലങ്ങളിൽ കോളേജുകൾ സ്ഥാപിക്കാൻ നടപടിയുണ്ടാകുമെന്ന് പറയുകയുണ്ടായി. മാതൃകാ ബിരുദ കോളേജുകൾ എന്ന ആശയം ഉപയോഗപ്പെടുത്തി എന്റെ നിയോജകമണ്ഡലമായ താനൂർ ഉൾപ്പെടെ കോളേജുകളില്ലാത്ത എല്ലാ സ്ഥലങ്ങളിലും കോളേജുകൾ അനുവദിക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, അതിനെക്കുറിച്ചാണ് ഞാൻ നേരത്തെ പറഞ്ഞത്. കേന്ദ്രഗവൺമെന്റ് സ്കീമനുസരിച്ചാണെങ്കിലും സംസ്ഥാനഗവൺമെന്റിന്റെ സ്കീം പ്രകാരമാണെങ്കിലും ആവശ്യമുള്ള സ്ഥലങ്ങളിൽ കോളേജുകൾ തുടങ്ങണമെന്നതാണ് ഗവൺമെന്റ് നയം. അത് ഏതൊക്കെ രീതിയിൽ ചെയ്യാൻ കഴിയുമെന്നുള്ളത് വിശദമായ പരിശോധനയ്ക്കുശേഷം മാത്രമേ പറയാൻ കഴിയൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബിരുദ കോളേജുകളിൽ ഗവൺമെന്റ് മേഖലയിലും എയ്ഡഡ്, അൺ-എയ്ഡഡ് മേഖലയിലും ഒരു സ്ഥാപനംപോലുമില്ലാത്ത ചില നിയോജകമണ്ഡലങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. എന്റെ മണ്ഡലമായ തലശ്ശേരി നിയോജകമണ്ഡലത്തിൽ എയ്ഡഡ് കോളേജുമില്ല, അൺ-എയ്ഡഡ് കോളേജുമില്ല. തലശ്ശേരി മണ്ഡലത്തിൽ മുമ്പുണ്ടായിരുന്ന ധർമ്മടം ബ്രണ്ണൻ കോളേജ് വേറൊരു മണ്ഡലത്തിലേയ്ക്കുപോയി. അതുകൊണ്ട് ഇപ്പോൾ കോളേജില്ലാത്ത മണ്ഡലമായി. തലശ്ശേരി മണ്ഡലം ഉൾപ്പെടെ ഒരു കോളേജുമില്ലാത്ത സ്ഥലത്ത് ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അവിടെയൊക്കെ കോളേജ് അനുവദിക്കുന്നതിന് തീരുമാനമെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വളരെ ന്യായമായ ഒരാവശ്യമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഉന്നയിച്ചത്. അക്കാര്യത്തിൽ ഗവൺമെന്റ് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, പല പ്രൈവറ്റ് കോളേജുകളും മറ്റ് യൂണിവേഴ്സിറ്റികളുടെ സമാന്തര കോഴ്സുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ഗവൺമെന്റ് കോളേജുകളിൽ ക്ലാസ്ടൈം കഴിഞ്ഞ് ഈവനിംഗ് ക്ലാസ്സുകളായി പി.റ്റി.എ-യുടെ ആഭിമുഖ്യത്തിൽ നിശ്ചിത വ്യവസ്ഥകൾക്കു വിധേയമായി ഈവനിംഗ് ക്ലാസ്സുകൾ നടത്തുന്ന കാര്യം ആലോചിക്കാമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഇപ്പോൾത്തന്നെ മറ്റ് യൂണിവേഴ്സിറ്റികളുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കോഴ്സുകൾ പല കോളേജുകളിലും നടത്തുന്നുണ്ട്. അത് കൂടുതൽ കോളേജുകളിലേയ്ക്ക് വ്യാപിപ്പിക്കണമെങ്കിൽ അത് ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പ്രൊഫഷണൽ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നുവെന്ന് പറയുമ്പോഴും അൺ-എയ്ഡഡ് സ്ഥാപനങ്ങളിൽ ജോലിനോക്കുന്ന അദ്ധ്യാപകരുടെ ക്വാളിഫിക്കേഷനെക്കുറിച്ച് ബഹുമാനപ്പെട്ട എം. ഹംസ ഇവിടെ പറയുകയുണ്ടായി. എന്നാൽ അദ്ധ്യാപക-അനദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് ഒരു നിയമവും നമ്മുടെ സംസ്ഥാനത്ത് നിലവിലില്ല. അൺ-എയ്ഡഡ് സ്കൂളുകളിൽ ഇത് ബാധകമാണ്. പതിനായിരക്കണക്കിന് അദ്ധ്യാപക-അനദ്ധ്യാപകർ യാതൊരുവിധ സേവന-വേതന വ്യവസ്ഥകളുമില്ലാതെ വൻചൂഷണത്തിന് വിധേയമാകുകയാണ്. കോടിക്കണക്കിന് രൂപ കോഴപ്പണം വാങ്ങുന്ന മാനേജുമെന്റുകൾ ഇവർക്ക് ഒന്നും നൽകുന്നില്ല. ഇക്കാര്യത്തിൽ ഒരു നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് എന്തുകൊണ്ട് വൈകുന്നു; നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. കൊടുക്കുന്ന സമയത്ത് ഗവൺമെന്റ് ചില നിയന്ത്രണങ്ങൾ ഇപ്പോൾ കൊണ്ടുവന്നത്. അതുപോലെ കോളേജുകളുടെ കാര്യത്തിലും നമുക്ക് അങ്ങനെ ചെയ്യേണ്ടതായിട്ടുണ്ട്. ഗവൺമെന്റ് അത് ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, നാക്ക് അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ള എയ്ഡഡ് മേഖലയിൽ ഏറ്റവും നല്ല കോളേജുകളുള്ള ഒരു സംസ്ഥാനമാണ് കേരളം. ഈ കോളേജുകളിൽ യു.ജി.സി.-യുടെ ഇന്നവേറ്റീവ് കോഴ്സുകൾ തുടങ്ങാൻ ഗ്രാന്റ് ലഭിച്ചിട്ടുണ്ട്. പക്ഷെ ഗ്രാന്റ് അനുവദിക്കുന്ന കാര്യത്തിലും പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിലും സംസ്ഥാനഗവൺമെന്റ് ഒരു തീരുമാനവുമെടുത്തിട്ടില്ല. എയ്ഡഡ് സെക്ടറിൽ കേരളത്തിൽ പ്രവർത്തിക്കുന്ന ഇത്തരം നല്ല കോളേജുകളെ സഹായിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, കോളേജുകളുടെ പശ്ചാത്തല സൗകര്യങ്ങളുടെയും അവിടെയുള്ള കോഴ്സുകളുടെയും ഫാക്കൽറ്റിയുടെയും അടിസ്ഥാനത്തിലാണ് നാക് അക്രെഡിറ്റേഷൻ കൊടുക്കുന്നത്. അവരുടെ മാനദണ്ഡങ്ങൾ പൂർത്തിയാക്കുന്നതിനനുസരിച്ചാണ് എയ്ഡഡ് കോളേജുകൾക്ക് പദവി നൽകുന്നത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതികൾ കൊണ്ടാണ് ഇങ്ങനെയുള്ള നല്ല സ്ഥാപനങ്ങൾക്ക് നാക്കിന്റെ അക്രെഡിറ്റേഷൻ പദവി പൂർണ്ണമായും കൊടുക്കാൻ കഴിയാത്തത്. നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഈ പദവി കൊടുക്കണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. പക്ഷേ സാമ്പത്തിക പരിമിതിമൂലം അത് പരിഹരിക്കാൻ കഴിയുന്നില്ലെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഉന്നതവിദ്യാഭ്യാസം നേടുന്നതിന് ബിരുദ കോഴ്സുകളുള്ള സ്ഥലത്ത് ഇംഗ്ലീഷ് ലിംഗ്വിസ്റ്റിക്കിന് കൂടി സാധ്യതയുണ്ടാക്കിക്കൊടുക്കാൻ നടപടി സ്വീകരിക്കുമോ; ഇപ്പോൾതന്നെ ഇംഗ്ലീഷ് ലിംഗ്വിസ്റ്റിക്കിൽ ഒന്നാംറാങ്ക് എം.എ.-യ്ക്ക് വാങ്ങിയ കുട്ടിക്ക് ഒരു സ്ഥലത്തും അഡ്മിഷൻ കിട്ടാത്ത സ്ഥിതിയാണുള്ളത്. അത് എനിക്ക് നേരിട്ട് അറിയാവുന്ന കാര്യമാണ്. നല്ല മാർക്ക് വാങ്ങി മികച്ച പഠനം കാഴ്ച വയ്ക്കുന്നവരെക്കൂടി ഇതിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഈ കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

ശ്രീ. എം. പി. വിൻസെന്റ്: സർ, ഉന്നതവിദ്യാഭ്യാസരംഗത്ത് കരിക്കുലം കാലോചിതമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, യൂണിവേഴ്സിറ്റികളുടെ അക്കാഡമിക് കൗൺസിലുകളും ബോർഡ് ഓഫ് സ്റ്റഡീസുമാണ് അതിന്റെ പൊതുവായ നിർദ്ദേശങ്ങൾ തരേണ്ടത്. ഓരോ യൂണിവേഴ്സിറ്റിയും ചെയ്യേണ്ടത് അതാണ്. അതിനനുസരിച്ചുള്ള മാനദണ്ഡ നിർദ്ദേശങ്ങൾ ഗവൺമെന്റ് നൽകുന്നതാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, വിദ്യാഭ്യാസ മേഖലയുടെ നിലവാരത്തകർച്ചയുമായി ബന്ധപ്പെട്ടുള്ള കാര്യമാണ് എനിക്ക് ചോദിക്കാനുള്ളത്. എസ്.എസ്.എൽ.സി. റിസൾട്ടിൽ പാലക്കാട് ജില്ല 14-ാം സ്ഥാനത്താണ്. 15-ാമത് ഒരു ജില്ലയില്ലാത്തതുകൊണ്ടാണ് പാലക്കാട് ജില്ല 14-ാം സ്ഥാനത്തായത്. എന്റെ മണ്ഡലമായ നെന്മാറയിൽ 11 സ്കൂളുകളുണ്ട്. ഈ 11 സ്കൂളുകളിലും റിസൾട്ട് മെച്ചപ്പെടുത്തുന്നതിനുവേണ്ടി കഴിഞ്ഞ അദ്ധ്യായന വർഷം ഞാൻ ശക്തമായി ഇടപ്പെട്ടതാണ്. എല്ലാ സ്കൂളുകളിലും പി.റ്റി.എ. എക്സിക്യൂട്ടീവ് യോഗത്തിൽ ഞാൻ നേരിട്ട് പങ്കെടുത്തതാണ്. അവിടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരത്തെപ്പറ്റി ചർച്ച ചെയ്തപ്പോൾ ഞാൻ മനസ്സിലാക്കിയ ഒരു കാര്യമെന്ന് പറയുന്നത്, ഗണിത വിഷയത്തിൽ ജയിക്കണമെങ്കിൽ കുട്ടിക്ക് പ്രാഥമിക അറിവ് ആവശ്യമാണ് എന്നാണ്. 1 മുതൽ 100 വരെ എണ്ണാൻ അറിയാത്ത കുട്ടി എങ്ങനെയാണ് കണക്ക് വിഷയം ജയിക്കുന്നത്? അതുപോലെ മലയാളഭാഷ നന്നായി കൈകാര്യം ചെയ്യാൻ അറിയില്ല. ഇതൊക്കെ പരിഹരിക്കുന്നതിനുവേണ്ടി സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ട ഒരു മണ്ഡലമാണ് എന്റെ മണ്ഡലം. എന്തൊക്കെ പദ്ധതികളാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, സമഗ്ര വിദ്യാഭ്യാസ പദ്ധതിയെന്നുള്ളത് വിദ്യാഭ്യാസ വകുപ്പ് മണ്ഡലങ്ങൾക്ക് അങ്ങോട്ട് കൊടുക്കുന്ന

ഒരു പദ്ധതിയല്ല. ഓരോ എം.എൽ.എ.-യും അവിടത്തെ ജനപ്രതിനിധികളും തമ്മിൽ ആലോചിച്ച് സീ-മാറ്റിന്റെ നേതൃത്വത്തിൽ ശില്പശാലകൾ നടത്തി ആ മണ്ഡലത്തിനാവശ്യമായ രൂപരേഖ ഉണ്ടാക്കിയാണ് നടപ്പിലാക്കുന്നത്. അല്ലാതെ ഇവിടെനിന്ന് അങ്ങോട്ട് കൊടുക്കുകയല്ല ചെയ്യുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഉന്നതവിദ്യാഭ്യാസരംഗത്ത് ചർച്ച ചെയ്യപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം, നമ്മുടെ സി.ഇ.റ്റി. കോളേജിനുപോലും ആട്ടോണമി കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ്. ആ കോളേജിനെ ആട്ടോണമസാക്കിക്കഴിഞ്ഞാൽ കോടിക്കണക്കിന് രൂപ നൽകാൻ കേന്ദ്രസർക്കാർ തയ്യാറാണ്. ഇക്കാര്യത്തിൽ നമ്മളെടുക്കുന്ന കാലതാമസം ഉന്നതവിദ്യാഭ്യാസരംഗത്തെ തകർക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഏറ്റവും മികവുള്ള കോളേജുകളെ ആട്ടോണമസ് കോളേജുകളാക്കാൻ വേണ്ടിയുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, നമ്മുടെ സംസ്ഥാനത്തേക്കാൾ മറ്റ് സംസ്ഥാനങ്ങളിലൊക്കെ ധാരാളം കോളേജുകളുണ്ട്. നമ്മുടെ സംസ്ഥാനത്ത് അങ്ങനെ ഇല്ല എന്നുള്ളതാണ് വസ്തുത. നമ്മുടെ സംസ്ഥാനവും ഉന്നതവിദ്യാഭ്യാസരംഗത്ത് കൂടുതൽ മുന്നേറണമെങ്കിൽ നല്ല സ്ഥാപനങ്ങൾക്ക് ഈ രീതിയിലുള്ള അംഗീകാരങ്ങൾ നൽകേണ്ടതുണ്ട്. ആ കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അത് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഗൗരവമായി എടുത്തിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. അതായത് കേരളത്തിലെ 4 ജില്ലകളിൽ ഇന്ത്യയിലെ ശരാശരിയേക്കാൾ ബിരുദധാരികൾ കുറവാണ്. അതിന് കേന്ദ്രം പണം കൊടുത്തത് ഉപയോഗിച്ചിട്ടില്ല. ആ പണം ഉപയോഗിച്ചില്ലെങ്കിൽ പോട്ടെ, ഇതിന് കാരണമെന്താണെന്നുള്ളത് ഗവൺമെന്റ് പഠിക്കണ്ടേ? വിദ്യാഭ്യാസ മേഖലയിൽ വലിയ ഉന്നതനിലവാരം പുലർത്തുന്നുവെന്ന് നമ്മൾ സ്വയം സന്തോഷിച്ചിരിക്കുന്ന ഈ നാട്ടിലെ പ്രധാനപ്പെട്ട 4 ജില്ലകളിൽ ബിരുദധാരികൾ അഖിലേന്ത്യാ ആവറേജിലും കുറവാണെങ്കിൽ അതിന് കാരണം ഗവൺമെന്റ് പരിശോധിക്കണ്ടേ; അത് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ബഹുമാനപ്പെട്ട മെമ്പർ ആദ്യം പറഞ്ഞ കാര്യം തെറ്റാണ്. പണമൊന്നും ഈ വകയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഇപ്പോഴും കിട്ടിയിട്ടില്ല. ഈ പറയുന്ന ജില്ലകളിലെല്ലാം തന്നെ മറ്റ് കോളേജുകളുമുണ്ട്.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, 'ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം' എന്നത് നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

നിലവാരമുയർത്താൻ വേണ്ടി നടപ്പിലാക്കുന്ന ഒരു പരിഷ്ക്കാരത്തിൽ ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യമായി സ്വീകരിച്ച് പ്രവർത്തനം നടത്തിവരികയാണ്. ഇതിന്റെ ഭാഗമായി സമഗ്ര വിദ്യാഭ്യാസ പദ്ധതി ഈ സംസ്ഥനത്തെ പത്തുപന്ത്രണ്ട് നിയോജകമണ്ഡലങ്ങളിൽ ആവിഷ്ക്കരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിതന്നെ അതിന് മുൻകയ്യെടുത്ത് പലപ്പോഴും യോഗം ചേർന്നിട്ടുണ്ട്. ആ സമഗ്ര വിദ്യാഭ്യാസ പദ്ധതി വിദ്യാഭ്യാസ നിലവാരമുയർത്താൻ വേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. അതിന്റെ പ്രവർത്തനം ഇന്ന് വളരെ മന്ദഗതിയിലാണ്. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയാൽ കേരളത്തിന് ഒരുപക്ഷേ ഇന്ത്യയ്ക്ക് മാതൃകയായി വിദ്യാഭ്യാസ നിലവാരമുയർത്താൻ കഴിയുന്ന ഒരു പൈലറ്റ് പ്രോജക്ട് ഇംപ്ലിമെന്റ് ചെയ്യാൻ സാധിക്കും. അതിനുവേണ്ടി അങ്ങ് പ്രത്യേകം താൽപ്പര്യമെടുക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 12 മണ്ഡലങ്ങളിലല്ല. ഏകദേശം 33-ഓളം മണ്ഡലങ്ങളിൽ ഇപ്പോൾ സമഗ്ര വിദ്യാഭ്യാസ പദ്ധതിക്കുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഓരോ മണ്ഡലത്തിലും അത് ഓരോ സ്റ്റേജിലാണ്. ബഹുമാനപ്പെട്ട മെമ്പറിന്റെ മണ്ഡലത്തിൽ ഈ പദ്ധതി നേരത്തെ തുടങ്ങിയതാണ്. ആ മണ്ഡലത്തിൽ ഈ പദ്ധതി കൂടുതൽ മുന്നേറിയിട്ടുണ്ട്. അതുപോലെതന്നെയാണ് ശ്രീ. വി. ഡി. സതീശന്റെ മണ്ഡലത്തിലും ഈ പദ്ധതി മുന്നേറിയിട്ടുണ്ട്. മറ്റു ചില മണ്ഡലങ്ങളിൽ ഈ പദ്ധതിക്ക് ഇപ്പോൾ ആരംഭം കുറിച്ചിട്ടേയുള്ളു. അതിന്റെ മുന്നേറ്റവും വേഗതയുമൊക്കെ എം.എൽ.എ.-മാർ നേതൃത്വം കൊടുത്തുകൊണ്ട് ചെയ്യേണ്ടതാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള എല്ലാ സഹായങ്ങളും യഥാസമയം ചെയ്യുന്നതാണ്.

ശ്രീ. ബി. സത്യൻ: സർ, ചിറയിൻകീഴ്, നെടുമങ്ങാട് താലൂക്കുകളിൽ ആകെയുള്ള ഒരു സർക്കാർ കോളേജ് എന്നുപറയുന്നത് ആറ്റിങ്ങൽ ഗവൺമെന്റ് കോളേജാണ്. അവിടെ ഇപ്പോൾ ഏഴരക്കോടി രൂപയോളം ചെലവഴിച്ച് അതിവിശാലമായ സൗകര്യത്തോടുകൂടിയുള്ള സയൻസ് ബ്ലോക്ക് എന്ന ഒരു കെട്ടിടത്തിന്റെ നിർമ്മാണം ഏതാണ്ട് പൂർത്തീകരിച്ചു. ആകെ ഒരു സയൻസ് കോഴ്സ് മാത്രമാണ് ആ കോളേജിലുള്ളത്. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആ കോളേജിൽ വന്നപ്പോൾ പട്ടികജാതി-ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ ഏറെ അധിവസിക്കുന്ന ഒരു പ്രദേശമാണ തെന്ന് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അവിടെ 2013-14 സാമ്പത്തിക വർഷത്തിൽ ഒരു കോഴ്സെങ്കിലും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഇനി പുതിയ കോഴ്സുകൾ കോളേജുകൾക്ക് അനുവദിക്കുമ്പോൾ തീർച്ചയായും ആ കോളേജിനെ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

Page 13 of 13

മി. സ്പീക്കർ : ചോദ്യം നമ്പർ *92 ഉം *102 ഉം ക്ളബ്ബ് ചെയ്യുകയാണ്. ചോദ്യം നമ്പർ *92...

**സബ്സിഡി നിരക്കിലുള്ള പാചക വാതക സിലിണ്ടറുകൾ**

3 (*92) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ നിലവിൽ എത്ര പാചകവാതക സിലിണ്ടറുകളാണ് നൽകുന്നത്;

(ബി) സബ്സിഡി നിരക്കിലുള്ള സിലിണ്ടറുകൾ ഉപഭോക്താക്കൾക്ക് നൽകാതെ എണ്ണം പെരുപ്പിച്ച് കാണിച്ച് ഉപഭോക്താക്കളിൽ നിന്നും, സബ്സിഡിയില്ലാത്ത സിലിണ്ടറിനുള്ള തുക ഗ്യാസ് ഏജൻസികൾ ഈടാക്കുന്നത് വ്യാപകമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഗ്യാസ് സിലിണ്ടറുകൾക്ക് കൃത്യമായ രസീത് നൽകാത്ത ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) വീടുകളിൽ എത്തിക്കുന്നതിന് സിലിണ്ടറിനേക്കാൾ കൂടിയ തുക കൈപ്പറ്റുന്ന ഏജൻസികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് 14-9-2012 മുതൽ 31-3-2013 വരെ 3 മുതൽ 5 പാചകവാതക സിലിണ്ടറുകളും 1-4-2013 മുതൽ വർഷത്തിൽ 6 മുതൽ 9 പാചകവാതക സിലിണ്ടറുകളുമാണ് സബ്സിഡി നിരക്കിൽ നൽകുന്നത്.

(ബി) ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഏജൻസിക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇത്തരം പരാതികൾ ലഭിച്ചാൽ പ്രസ്തുത ഏജൻസിക്കെതിരെ 2000-ലെ എൽ.പി.ജി. (രജിസ്ട്രേഷൻ & സപ്ലൈ) ഉത്തരവുപ്രകാരം സർക്കാരിനും ഡിസ്ട്രിബ്യൂട്ടർഷിപ്പ് എഗ്രിമെന്റ് ക്ലോസുകളും മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്ലൈൻസും പ്രകാരം എണ്ണക്കമ്പനികൾക്കും നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly